തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

**നം. 154/2020/എ.എ.ഒ.** **തീയ്യതി : 16.05.2023**

## ക്വട്ടേഷൻ

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിലെ പരിസ്ഥിതിപഠന സ്കൂൾ വിദ്യാർത്ഥികൾക്ക് വെക്കേഷൻ ക്ലാസ് ആരംഭിച്ചിരിക്കയാൽ 22-05-2023 മുതൽ 31-05-2023 വരെ വിദ്യാർത്ഥികളുടെ യാത്രാവശ്യങ്ങൾക്ക് **16 സീറ്റുകളോടു കൂടിയ വാഹനം (1 എണ്ണം)** ദിവസവേതനാടിസ്ഥാനത്തിൽ ആലിശ്ശേരി വനിതാ ഹോസ്റ്റലിൽ നിന്നും, മലയാള സർവ്വകലാശാല ക്യാമ്പസിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് 2015 വർഷം മുതൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങളുടെ ഉടമകൾ/ട്രാവൽ ഏജൻസികൾ എന്നിവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ **20.05.2023 ന് ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പായി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല, വാക്കാട് (പി.ഒ.), തിരൂർ - 676 502 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

വാഹനങ്ങളുടെ ക്വട്ടേഷനൊപ്പം അവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ആർ.സി. ബുക്ക്, ഇൻഷൂറൻസ് പോളിസി സർട്ടിഫിക്കറ്റ്, നികുതി അടച്ച രശീതി, പുക പരിശോധന സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപകർപ്പുകൾ സമർപ്പിക്കണം. ഇവ ഉൾക്കൊള്ളിക്കാത്ത ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.

ക്വട്ടേഷനുകൾ **20.05.2023 ന് 3 മണിക്ക്** തുറക്കുന്നതും ഏറ്റവും കുറവ് സംഖ്യ ക്വോട്ടു ചെയ്ത വ്യക്തി/സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിക്കുന്നതുമായിരിക്കും.

**'വാഹനത്തിന്റെ ക്വട്ടേഷൻ'** എന്ന് കവറിന്റെ പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ അനുവദിച്ചു കിട്ടുകയാണെങ്കിൽ **22.05.2023** മുതൽ വാഹനം സർവകലാശാല നിർദ്ദേശിക്കുന്ന നിബന്ധനകൾക്കനുസൃതമായി ഓടിക്കുവാൻ തയ്യാറാണെന്നുള്ള പ്രസ്താവന ക്വട്ടേഷനൊപ്പം വയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230, 9495858565, 9526359357 എന്ന നമ്പറിലോ, www.malayalamuniversity.edu.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല തിരൂർ മലപ്പുറം

**രജിസ്ട്രാർ**

വി.സി. കാര്യാലയം/മലയാളസർവ്വകലാശാല ഓഫീസ് നോട്ടീസ് ബോർഡ്/മലയാള സർവ്വകലാശാല വെബ്സൈറ്റ്/ഫിനാൻസ്/തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമ പഞ്ചായത്ത് ഓഫീസ്/എസ്റ്റേറ്റ് ഓഫീസർ/നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ആഫീസ് രേഖ/കരുതൽ രേഖ/പത്രക്കുറിപ്പ്